REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-09-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി മഹാരാഷ്ട്രയിലെ വാർധയിൽ ദേശീയ PM വിശ്വകർമ്മ പരിപാടിയിൽ പദ്ധതി ഗുണഭോക്താക്കൾക്ക് വായ്പകൾ വിതരണം ചെയ്യും. കേന്ദ്ര സഹമന്ത്രിമാരായ ജോർജ്ജ് കുര്യൻ തിരുവനന്തപുരത്തും സുരേഷ് ഗോപി കോഴിക്കോട്ടും പരിപാടിയിൽ പങ്കെടുക്കും.**
- **പ്രധാനമന്ത്രി നാളെ മുതൽ മൂന്ന് ദിവസം U.S സന്ദർശിക്കും.**
- **എം പോക്സ് വൈറസിന്റെ വകഭേദം കണ്ടെത്താൻ ജനിതകശ്രേണീകരണം നടത്തുന്നുമെന്ന് മന്ത്രി വീണാ ജോർജ്.**
- **തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലെ തനത് ഭൂമി റവന്യൂ വകുപ്പിലേക്ക് മാറ്റി അർഹരായവർക്ക് പട്ടയം കൊടുക്കാൻ ഗവണ്മെന്റ് ചട്ടഭേദഗതി കൊണ്ടുവരുമെന്ന് മന്ത്രി K. രാജൻ.**
- **കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുനായി തിരച്ചിൽ ഇന്ന് പുനഃരാരംഭിച്ചേക്കും.**
- **ISL ഫുട്ബാളിൽ ബംഗളുരു FC ക്ക് രണ്ടാം ജയം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി മഹാരാഷ്ട്രയിലെ വാർധയിൽ ദേശീയ PM വിശ്വകർമ്മ പരിപാടിയിൽ രാവിലെ പങ്കെടുക്കും. വിശ്വകർമ്മ പദ്ധതി ഗുണഭോക്താക്കൾക്ക് സർട്ടിഫിക്കറ്റുകളും വായ്പകളും പ്രധാനമന്ത്രി നൽകും. 18 കരകൗശല മേഖലയിൽ നിന്ന് 18 ഗുണഭോക്താക്കൾക്ക് PM

വിശ്വകർമ പദ്ധതിക്ക് കീഴിൽ അദ്ദേഹം വായ്പ വിതരണം ചെയ്യും. വിശ്വകർമ്മ പദ്ധതിയുടെ ഒരു വർഷത്തെ പുരോഗതി അടയാളപ്പെടുത്തുന്ന സ്മരണിക സ്റ്റാമ്പും പ്രധാനമന്ത്രി പുറത്തിറക്കും.

അമരാവതിയിൽ PM മിത്ര പാർക്കിന് നരേന്ദ്രമോദി തറക്കല്ലിടും. ടെക്സ്റ്റൈൽ നിർമ്മാണത്തിന്റെയും കയറ്റുമതിയുടെയും ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാൻ ലക്ഷ്യമിട്ടാണ് PM മിത്ര പാർക്കുകൾ സ്ഥാപിക്കുന്നത്. മഹാരാഷ്ട്ര ഗവൺമെന്റിന്റെ ആചാര്യ ചാണക്യ നൈപുണ്യ വികസന കേന്ദ്രവും പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. മഹാരാഷ്ട്രയിലെ സ്ത്രീകൾ നേതൃത്വം നൽകുന്ന സ്റ്റാർട്ടപ്പുകൾക്ക് പിന്തുണയായി പുണ്യശ്ലോക് അഹല്യദേവി ഹോൾക്കർ വനിതാ സ്റ്റാർട്ടപ്പ് പദ്ധതിയും നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ഇന്ന് രാജ്യത്തെ 500 പരിശീലന കേന്ദ്രങ്ങളിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

✪✪✪

PM വിശ്വകർമ്മ പദ്ധതി നടപ്പിലാക്കിയതിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഉദ്ഘാടനവും ഗുണഭോക്താക്കൾക്കു സർട്ടിഫിക്കറ്റ് വിതരണവും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ തിരുവനന്തപുരത്ത് നിർവഹിക്കും. കഴക്കൂട്ടം നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമണിൽ രാവിലെ നടക്കുന്ന ചടങ്ങിൽ PM വിശ്വകർമ്മ പ്രദർശനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. കരകൗശല വിദഗ്ധരുമായി അദ്ദേഹം ആശയവിനിമയം നടത്തും.

✪✪✪

കോഴിക്കോട് ഗോവിന്ദപുരത്തെ നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ദേശീയ PM വിശ്വകർമ്മ പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി പങ്കെടുക്കും. സർട്ടിഫിക്കറ്റ് വിതരണം നിർവഹിക്കുന്ന അദ്ദേഹം കരകൗശല വിദഗ്ധരുമായി സംവദിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുതൽ മൂന്ന് ദിവസം U.S സന്ദർശിക്കും. ഡെലവെയറിലെ വിൽമിംഗ്ടണിൽ നാലാമത് ക്വാഡ് ലീഡേഴ്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

ക്വാഡ് ഉച്ചകോടിയിൽ, കഴിഞ്ഞ ഒരു വർഷം ക്വാഡ് കൈവരിച്ച പുരോഗതി നേതാക്കൾ അവലോകനം ചെയ്യും. വരും വർഷങ്ങളിൽ ഇന്തോ-പസഫിക് മേഖലയിലെ രാജ്യങ്ങളെ സഹായിക്കുന്നതിന് അജണ്ടയും നിശ്ചയിക്കും.

## ന്യൂസ് ഡെസ്കിൽ നിന്നും കൂടുതൽ വിവരങ്ങൾ....

ന്യൂയോർക്കിൽ തിങ്കളാഴ്ച UN പൊതുസഭയിൽ പ്രധാനമന്ത്രി 'ഭാവി ഉച്ചകോടി'യെ അഭിസംബോധന ചെയ്യും. 'ഒരു നല്ല നാളേയ്ക്കു ബഹുമുഖ പരിഹാരങ്ങൾ' എന്നതാണ് ഉച്ചകോടിയുടെ പ്രമേയം. നിരവധി ആഗോള നേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉച്ചകോടിക്കിടെ, പ്രധാനമന്ത്രി നിരവധി ലോക നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തുകയും പരസ്പര താൽപ്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും.

ഞായറാഴ്ച ന്യൂയോർക്കിൽ, പ്രധാനമന്ത്രി ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യും. AI, ക്വാണ്ടം കംപ്യൂട്ടിംഗ്, അർദ്ധചാലകങ്ങൾ, ബയോടെക്നോളജി തുടങ്ങിയ അത്യാധുനിക മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിൽ കൂടുതൽ സഹകരണം വളർത്തിയെടുക്കാൻ യുഎസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ കമ്പനികളുടെ CEO മാരുമായും പ്രധാനമന്ത്രി ആശയവിനിമയം നടത്തും.

✪✪✪

മലപ്പുറം ജില്ലയിൽ എം പോക്സ് രോഗം സ്ഥിരീകരിച്ച വ്യക്തിക്ക് പിടിപെട്ട വൈറസിന്റെ വകഭേദം കണ്ടെത്താൻ ജനിതകശ്രേണീകരണം നടത്തുന്നുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. നിപ, എം പോക്സ് രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ പ്രോട്ടോകോൾ അനുസരിച്ചു എല്ലാ പ്രവർത്തനങ്ങളും നടത്തിയതായും മന്ത്രി പറഞ്ഞു.

### ഡെസ്ക് റിപ്പോർട്ട്....

എം പോക്സ് വൈറസിന്റെ 2 ബി വകഭേദത്തിന് വ്യാപന ശേഷി കുറവാണെന്ന് മന്ത്രി പറഞ്ഞു. എന്നാൽ ആഫ്രിക്കയിൽ കണ്ടെത്തിയ 1 ബി വൈറസ് വകഭേദത്തിന് വ്യാപന ശേഷി കൂടുതലാണ്. വൈറസിന്റെ വകഭേദം കണ്ടെത്തിയാൽ വ്യാപന ശേഷി മനസ്സിലാക്കി ആവശ്യമെങ്കിൽ കൂടുതൽ നടപടി സ്വീകരിക്കാനാവുമെന്നും മന്ത്രി പറഞ്ഞു.

എം പോക്സ് ബാധിച്ച രോഗിയുടെ നില തൃപ്തികരമാണ്. എം പോക്സ് രോഗിയുടെ സമ്പർക്ക പട്ടികയിൽ 23 പേർ ഉണ്ട്. രോഗി സഞ്ചരിച്ച വിമാനത്തിൽ ഒപ്പമുണ്ടായിരുന്നവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. 43 പേരാണ് ആ പട്ടികയിൽ ഉള്ളത്.

എം പോക്സ് രോഗിയുമായി ബന്ധപ്പെട്ട എല്ലാവരെയും കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. നിപയുടെയും എം പോക്സിന്റെയും കാര്യത്തിൽ ആശങ്ക വേണ്ട. മാസ്ക്ക് ധരിക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.

✪✪✪

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന ഒരാളുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതോടെ ആകെ 37 പേരുടെ പരിശോധനാ ഫലം നെഗറ്റീവായി.

ഇന്നലെ പുതുതായി രണ്ടു പേരെ സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തി. ഇവർ ഹൈറിസ്ക് വിഭാഗത്തിൽ ഉള്ളവരാണ്. സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട 81 പേർ ആരോഗ്യ പ്രവർത്തകരാണ്. 177 പേർ പ്രൈമറി കോൺടാക്ട് പട്ടികയിലും 90 പേർ സെക്കന്ററി കോൺടാക്ട് പട്ടികയിലുമാണ്. പ്രൈമറി പട്ടികയിലെ 134 പേരാണ് ഹൈറിസ്ക് കാറ്റഗറിയിലെന്നും മന്ത്രി പറഞ്ഞു. രോഗലക്ഷണങ്ങളുമായി രണ്ടു പേരെ ഇന്നലെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവർ അടക്കം 6 പേർ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലും 21 പേർ പെരിന്തൽമണ്ണ MES. മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സ തുടരുന്നുണ്ട്.

✪✪✪

എറണാകുളം ജില്ലയിലെ ആരോഗ്യ മേഖലയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് നിർവഹിക്കും.

വൈപ്പിൻ, പറവൂർ, ആലുവ, പെരുമ്പാവൂർ, കുന്നത്തുനാട്, പിറവം എന്നിവിടങ്ങളിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 9 കോടി 18 ലക്ഷം രൂപയുടെ വികസന പദ്ധതികളാണ് മന്ത്രി ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലെ തനത് ഭൂമി റവന്യൂ വകുപ്പിലേക്ക് മാറ്റി അർഹരായവർക്ക് പട്ടയം കൊടുക്കാൻ ഗവണ്മെന്റ് ചട്ടഭേദഗതി കൊണ്ടുവരുമെന്ന് മന്ത്രി K. രാജൻ പറഞ്ഞു. മണ്ണാർക്കാട്-അട്ടപ്പാടി താലൂക്ക്തല പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗവൺമെന്റ് വിലകൊടുത്തു വാങ്ങി പഞ്ചായത്തിന് നൽകിയ ഭൂമി, വിവിധ ഹൗസിംഗ് പ്രോജക്ടുകൾക്കായി പഞ്ചായത്തുകളുടെ കൈവശം വന്ന ഭൂമി തുടങ്ങിയവ ഇതിനായി ഉപയോഗിക്കും.

ജില്ല കലക്ടർ, തദ്ദേശ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് തനത് ഭൂമിയിൽ അതിവേഗ പ്രശ്നപരിഹാരം സാധ്യമാകും വിധം നിയമഭേദഗതി നടത്താനാണ് തീരുമാനമെന്നും മന്ത്രി പറഞ്ഞു.

✪✪✪

പ്രവാസികൾക്ക് സംസ്ഥാനത്ത് ഭൂനികുതി ഓൺലൈനായി അടയ്ക്കാൻ സൗകര്യമൊരുക്കുമെന്ന് മന്ത്രി K. രാജൻ അറിയിച്ചു.

ആലത്തൂർ താലൂക്ക്തല പട്ടയമേളയുടെയും എരിമയൂർ 1 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ലോക കേരളസഭയിൽ ഉയർന്ന ആവശ്യം പരിഗണിച്ച് 10 രാജ്യങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് ഓൺലൈനായി കേരളത്തിലെ അവരുടെ ഭൂമിക്ക് നികുതി അടയ്ക്കാൻ സൗകര്യമാണ് ഒരുക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചലിൽ കാണാതായ കോഴിക്കോട് കണ്ണാടിക്കൽ സ്വദേശി അർജുനും മറ്റ് രണ്ടു പേർക്കും വേണ്ടി തിരച്ചിൽ ഇന്ന് വീണ്ടും ആരംഭിച്ചേക്കും.

കാർവാറിൽ നിന്ന് ഇന്നലെ വൈകീട്ടോടെ ഡ്രഡ്ജർ ഗംഗാവലി പുഴയിൽ എത്തിച്ചിട്ടുണ്ട്. രാവിലെ ഡ്രഡ്ജർ മണ്ണിടിച്ചിലുണ്ടായ സ്ഥലത്ത് എത്തിക്കും. ഇത് നിശ്ചിതസ്ഥാനത്ത് ഉറപ്പിച്ച ശേഷമായിരിക്കും തുടർ നടപടികൾ. പുഴയിൽ ഒഴുക്കിന്റെ ശക്തി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത് തിരച്ചിലിന് അനുകൂലമാകുമെന്നാണ് പ്രതീക്ഷ.

ജൂലൈ 16 നാണ് അർജുനെ മണ്ണിടിച്ചിലിൽ കാണാതായത്.

✪✪✪

ഇടുക്കി ജലാശയത്തിന്റെ ഭാഗമായ ഇരട്ടയാർ ടണലിന് സമീപത്ത് ഒഴുക്കിൽപ്പെട്ട് കാണാതായ വിദ്യാർത്ഥിക്കായി ഇന്നും തിരച്ചിൽ തുടരും. ഉപ്പുതറ വളകോട് സ്വദേശി അപ്പുവിനെയാണ് കണ്ടെത്താനുള്ളത്. നാല് കിലോമീറ്ററോളം നീളം വരുന്ന ടണലിൽ കുട്ടി കുടുങ്ങി കിടപ്പുണ്ടോയെന്നറിയാൻ ഡ്രോൺ പരിശോധന നടത്തുമെന്ന് ഫയർ ഫോഴ്സ് അധികൃതർ അറിയിച്ചു. അഞ്ചുരുളിയിലും പരിശോധന തുടരും.

ഇന്നലെ രാവിലെ ഉണ്ടായ അപകടത്തിൽ അപ്പുവിനൊപ്പം ഒഴുക്കിൽപ്പെട്ട കായംകുളം സ്വദേശി അതുൽ ഹർഷിന്റെ മൃതദേഹം ഉച്ചയോടെ

കണ്ടെത്തിയിരുന്നു. ഇരട്ടയാർ ചേലക്കൽ കവലയിൽ ബന്ധുവീട്ടിലെത്തിയ കുട്ടികളാണ് അപകടത്തിൽപ്പെട്ടത്.

✪✪✪

കർണ്ണാടകയിലെ ഹുൻസൂറിൽ ബസ് അപകടത്തിൽ നിരവധി പേർക്ക് പരിക്ക്. ബംഗളുരുവിൽ നിന്ന് കേരളത്തിലേക്ക് വരികയായിരുന്ന സ്വകാര്യ ബസാണ് അർദ്ധരാത്രിയിൽ അപകടത്തിൽപ്പെട്ടതെന്നാണ് റിപ്പോർട്ട്. ബസ് നിയന്ത്രണം വിട്ട് ഇലക്ട്രിക് പോസ്റ്റിൽ ഇടിക്കുകയായിരുന്നു. കൂടുതലും മലയാളി യാത്രക്കാരാണ് ബസിലുണ്ടായിരുന്നത്.

✪✪✪

ISL ഫുട്ബാളിൽ ബംഗളുരു FC ക്ക് രണ്ടാം ജയം. ബംഗ്ലൂരുവിൽ ഹൈദരാബാദ് FC യെ എതിരില്ലാത്ത 3 ഗോളുകൾക്കാണ് അവർ പരാജയപ്പെടുത്തിയത്. ആദ്യ മത്സരത്തിൽ ഈസ്റ്റ് ബംഗാളിനെ ബംഗളുരു തോൽപ്പിച്ചിരുന്നു.

ഇന്ന് പഞ്ചാബ് FC ഒഡീഷയെ നേരിടും. രാത്രി 7.30 ന് ഡൽഹിയിലാണ് മത്സരം.

✪✪✪

സൂപ്പർ ലീഗ് കേരളാ ഫുട്ബോളിൽ ഇന്ന് മലപ്പുറം എഫ്സി തൃശൂർ മാജിക്ക് FCയെ നേരിടും. രാത്രി ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

പയ്യന്നൂരിൽ സംസ്ഥാന സബ് ജൂനിയർ ഖോ-ഖോ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ മത്സരത്തിൽ കണ്ണൂരും, പാലക്കാടും, മലപ്പുറവും, ആലപ്പുഴയും ആൺകുട്ടികളുടെ വിഭാഗത്തിൽ തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ടീമുകളും സെമി ഫൈനലിൽ പ്രവേശിച്ചു.

ഝാർഖണ്ഡിൽ നടക്കുന്ന ദേശീയ സബ് ജൂനിയർ ചാമ്പ്യൻഷിപ്പിലേക്കു കേരള ടീമിനെ ഈ ടൂർണമെന്റിൽ നിന്നാണ് തിരഞ്ഞെടുക്കുക

✪✪✪

സംസ്ഥാനത്തെ വിവിധ കലാലയങ്ങളിൽ അതിഥി അധ്യാപകർക്ക് വേതനം ലഭിക്കുന്നതിൽ കാലതാമസം വരുന്ന പ്രശ്നം ചർച്ച ചെയ്തു പരിഹരിക്കാൻ മന്ത്രി ഡോ. ബിന്ദു ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു. വ്യാഴാഴ്ച രാവിലെ സെക്രട്ടറിയേറ്റിലാണ് യോഗം.

വ്യക്തമായ ഗവൺമെന്റ് ഉത്തരവുകൾ ഉണ്ടായിട്ടും അതിഥി അധ്യാപകർക്ക് വേതനം വൈകുന്നത് എന്തുകൊണ്ടാണെന്ന് യോഗത്തിൽ പരിശോധിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

പനയുൽപ്പന്നങ്ങളുടെ വ്യാപാരത്തിന് ഭിന്നശേഷിക്കാർക്ക് ബങ്കുകൾ ഒരുക്കി നൽകുന്ന പദ്ധതിയ്ക്ക് തുടക്കമാകുകയാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. സംസ്ഥാന പനയുൽപ്പന്ന വികസന കോർപ്പറേഷൻ -കെൽപാമും സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും തമ്മിൽ ഇതിനായി ധാരണാപത്രം ഒപ്പിട്ടതായി മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

ഓരോ തദ്ദേശ ഭരണ സ്ഥാപനതലത്തിലും വിവാഹപൂർവ്വ കൗൺസിലിംഗ് സംവിധാനം അനിവാര്യമാണെന്ന് സംസ്ഥാന വനിത കമ്മിഷൻ അധ്യക്ഷ P സതീദേവി അഭിപ്രായപ്പെട്ടു.

ഇക്കാര്യം വ്യക്തമാക്കി ഗവൺമെന്റിന് ശുപാർശ നൽകിയിട്ടുണ്ടെന്നും കോഴിക്കോട്ട് ജില്ലാതല വനിത കമ്മിഷൻ സിറ്റിംഗിനുശേഷം അവർ പറഞ്ഞു.

വിവാഹം രജിസ്റ്റർ ചെയ്യുന്ന വേളയിൽ വിവാഹപൂർവ്വ കൗൺസിലിംഗ് നടത്തിയിട്ടുണ്ട് എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന കാര്യവും നിർദ്ദേശമായി അവർ പറഞ്ഞു.

സ്ത്രീകൾ തൊഴിലിടങ്ങളിൽ നേരിടുന്ന പരാതികൾ പരിഹരിക്കാനായി എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് സതീദേവി ആവശ്യപ്പെട്ടു.

✪✪✪